പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നമ്പർ *606

31.10.2016 -ലെ
മറുപടിക്ക്

## നീതി ആയോഗ് നിലവിൽ വന്നതിന് അനുസൃതമായ മാറ്റങ്ങൾ

ചോദ്യം

ശ്രീ. കെ.ബി. ഗണേഷ് കുമാർ
ശ്രീ. കെ. കൃഷ്ണൻകുട്ടി
ശ്രീ. സി.കെ. നാണു
ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | |
|---|---|
| (എ) കേന്ദ്ര സർക്കാരിന് കീഴിൽ പ്ലാനിംഗ് കമ്മീഷന് പകരം നീതി ആയോഗ് സംവിധാനം വന്നശേഷം ഏതെല്ലാം പദ്ധതികളാണ് കേരളത്തിനായി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; നീതി ആയോഗിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ഏതെങ്കിലും തലത്തിലുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) പ്ലാനിംഗ് കമ്മീഷന് പകരം നീതി ആയോഗ് വന്നശേഷം നീതി ആയോഗിൽ നിന്ന് കേരളത്തിനു മാത്രമായി പദ്ധതികൾ അനുവദിച്ചിട്ടില്ല. നീതി ആയോഗിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡിന് ലഭ്യമായിട്ടില്ല. |

......2

| | |
|---|---|
| (ബി) കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്രവർത്തനവും വിവിധ വകുപ്പുകളുടെ ആസൂത്രണവും തമ്മിലുള്ള ഏകോപനം സുദൃഢമാക്കാൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) കേരള സംസ്ഥാന ആസൂത്രണ ബോർഡ് വിവിധ വികസന വകുപ്പുകളുമായി ആസൂത്രണ പ്രക്രിയയിൽ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. എല്ലാ വികസന വകുപ്പുകളും നടപ്പിലാക്കുന്ന വാർഷിക പദ്ധതികളുടെ അവലോകനം ആസൂത്രണ ബോർഡിൽ നടത്താറുണ്ട്. പദ്ധതി നടത്തിപ്പിൽ ഏതെങ്കിലും പോരായ്മകൾ/തടസ്സങ്ങൾ വകുപ്പുകൾക്ക് നേരിടുന്നുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് സംസ്ഥാന ആസൂത്രണബോർഡ് വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. കൂടാതെ, വിവിധ വകുപ്പുകൾക്ക് സംസ്ഥാനത്തിന്റെ വിഭവലഭ്യതയുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി ആസൂത്രണം ചെയ്യുന്നതിന് എല്ലാ വകുപ്പുതലവൻമാരുമായും, വകുപ്പ് സെക്രട്ടറിമാരുമായും സംസ്ഥാന ആസൂത്രണബോർഡ് പദ്ധതി ചർച്ച നടത്താറുണ്ട്. |

| | |
|---|---|
| (സി) നീതി ആയോഗ് നിലവിൽ വന്ന സാഹചര്യത്തിൽ ഓരോ പദ്ധതിയുടെയും പ്രൊപ്പോസലുകൾ ഏത് തട്ടിൽ നിന്നാണ് ആരംഭിക്കുന്നതെന്നും അതിന് എന്ത് സംവിധാനങ്ങളാണ് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും നിലവിലുള്ളതെന്നും വിശദമാക്കുമോ ? | (സി) കേന്ദ്രസർക്കാർ പഞ്ചവൽസര പദ്ധതി നിർത്തലാക്കിയതുകൊണ്ടും പദ്ധതി/പദ്ധതിയിതര ക്ലാസ്സിഫിക്കേഷൻ ഇല്ലാതാക്കിയതുകൊണ്ടും സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി പ്ലാനിംഗ് കമ്മീഷനു പകരമായി നിയോഗിക്കപ്പെട്ട നീതി ആയോഗിന് സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ട ആവശ്യമില്ല. കേരളസർക്കാർ പഞ്ചവൽസര പദ്ധതിയുമായി മുൻപോട്ടു പോവുകയും അതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ